## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം. **T 4604**

28.06.2013-ലെ മറുപടിക്ക്

# തൊഴിൽ നികുതി ചോർച്ച തടയാൻ നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കെ.ജയചന്ദ്രൻ | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി) |
| എ) തൊഴിൽ നികുതി ചോർച്ച തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | എ) ബന്ധപ്പെട്ട കേരള മുനിസിപ്പാലിറ്റി നിയമങ്ങളും ചട്ടങ്ങളും കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളും അനുസരിച്ച് നിയമ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. |
| ബി) കഴിഞ്ഞ വർഷം തൊഴിൽ നികുതിയിനത്തിൽ പിരിഞ്ഞു കിട്ടേണ്ടിയിരുന്ന തുക എത്രയായിരുന്നു ; ഇതിൽ എന്ത് തുക ഇനിയും ലഭിക്കുവാനുണ്ട് ; | ബി) കഴിഞ്ഞ വർഷം നഗരസഭ / കോർപ്പറേഷനുകൾക്ക് തൊഴിൽ നികുതിയിനത്തിൽ പിരിഞ്ഞുകിട്ടേണ്ട തുക - 10647.25 ലക്ഷം<br>പിരിഞ്ഞുകിട്ടിയ തുക - 9795.80 ലക്ഷം<br>ഇനിയും ലഭിക്കുവാനുള്ളത് - 851.45 ലക്ഷം<br>ഗ്രാമ പഞ്ചായത്തുകളുടെ വിവരം ശേഖരിച്ചു വരുന്നു. |
| സി) തൊഴിൽ നികുതി അടയ്ക്കാൻ വീഴ്ച വരുത്തുന്ന വകുപ്പ് മേധാവി / ഓഫീസ് മേധാവി എന്നിവർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ? | സി) കേരള മുനിസിപ്പാലിറ്റി നിയമങ്ങളും ചട്ടങ്ങളും 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളും അനുസരിച്ച് വിശദാംശങ്ങൾ നൽകാനും നികുതി അടയ്ക്കാനും കർത്തവ്യബന്ധനായ ഏതെങ്കിലും ഓഫീസ് മേധാവിയോ തൊഴിലുടമയോ അല്ലെങ്കിൽ സ്വയം ശമ്പളം എഴുതി വാങ്ങുന്ന ഓഫീസറോ നിർദ്ദിഷ്ട സമയത്തിനുള്ളിൽ അങ്ങനെയുള്ള വിവരങ്ങൾ നൽകുന്നതിലോ അടയ്ക്കേണ്ടതായ നികുതി അടയ്ക്കുന്നതിലോ വീഴ്ച വരുത്തിയെന്ന് എപ്പോഴെങ്കിലും നഗരസഭ / പഞ്ചായത്ത് സെക്രട്ടറിക്ക് ബോധ്യപ്പെടുന്നപക്ഷം സെക്രട്ടറിക്ക് അങ്ങനെ വീഴ്ച വരുത്തിയ ആളിനോ ആളുകൾക്കോ എതിരെ ശിക്ഷാ നടപടി എടുക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ